UNIVERSITY OF CALICUT

UNIVERSITY OF CALICUT
(SCHOOL OF DISTANCE EDUCATION)

No: 75217/SDE-A-ASST-2/2017/Admn Dated,Calicut University P.O 14.09.2018

**NOTIFICATION**

**ബി.എ./ബി.കോം. (ഓപ്പൺസ്ട്രീം) ഡിഗ്രി പ്രവേശന പരീക്ഷ 2018.**

കാലിക്കറ്റ് സർവകലാശാലയുടെ വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ബി.എ./ബി.കോം(ഓപ്പൺസ്ട്രീം) ഡിഗ്രി പ്രോഗ്രാമുകളിലേക്ക് 2018-19 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.(+2/പ്രീഡിഗ്രി പാസ്സായവർ/തത്തുല്യ യോഗ്യതയുള്ളവർ ഈ പരീക്ഷയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല)

1) **യോഗ്യത** : 2018 ജൂലൈ 1 ന് 18 വയസ്സ് പൂർത്തിയായിരിക്കണം.(ജനനതീയതി തെളിയിക്കുന്നതിനുള്ള ഏതെങ്കിലും ആധികാരിക രേഖയുടെ പകർപ്പ് ഹാജരാക്കണം. SSLC ഉള്ളവർ അതിന്റെ പകർപ്പ് തന്നെ ഹാജരാക്കണം. SSLC പരീക്ഷ എഴുതിയിട്ടില്ലാത്ത വിദ്യാർത്ഥികൾ ഇതുസംബന്ധിച്ച സത്യപ്രസ്താവന നൽകേണ്ടതാണ്). അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ നിഷ്കർഷിക്കുന്നില്ല. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി) നിയമപ്രകാരം വിദൂരവിദ്യാഭ്യാസം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനു വേണ്ട അടിസ്ഥാനയോഗ്യത നിർണ്ണയിക്കുന്നതിനുള്ള പദ്ധതി അനുസരിച്ചാണ്ഈ പരീക്ഷ നടത്തുന്നത്.(ഈ പരീക്ഷ +2 പരീക്ഷയ്ക്ക് തുല്യമല്ല)

2) **പരീക്ഷാ തീയ്യതി** : 2018 ഒക്ടോബർ 13

4) **പരീക്ഷാ സെന്ററുകൾ** : തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങൾ.

5)**ഫീസ് വിവരങ്ങൾ**

**അപേക്ഷാ ഫീസ്** - General : 1000/- രൂപ, SC/ST : 500/- രൂപ. (പ്രവേശന പരീക്ഷയുടെ പഠനാവലിയും മാതൃകാ ചോദ്യങ്ങളും വിദൂരവിദ്യാഭ്യാസവിഭാഗം വെബ്സൈറ്റിൽ ലഭ്യമാണ്. പുസ്തകം ആവശ്യമുള്ളവർ 200/- രൂപ അധികമായി അടക്കേണ്ടതാണ്.

6)**അപേക്ഷിക്കേണ്ട വിധം** : അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് അപേക്ഷാ ഫീസ് സർവകലാശാലാ വെബ്സൈറ്റിലെ Instant Web Payment System വഴി അടക്കേണ്ടതും പാസ്പോർട്ട് വലിപ്പത്തിലുള്ള സ്വന്തം ഫോട്ടോ സ്കാൻ ചെയ്ത് JPEG ഫോർമാറ്റിൽ കരുതേണ്ടതുമാണ്. കാലിക്കറ്റ് സർവകലാശാലാ വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.sdeuoc.ac.in** ന്റെ ഹോം പേജിലുള്ള Online Registration എന്ന ലിങ്ക് ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട്, വയസ്സ് തെളിയിക്കുന്ന രേഖയുടെയും, SC/ST വിഭാഗത്തിൽപ്പെടുന്നവർ ജാതി തെളിയിക്കുന്നതിനുള്ള രേഖയുടെയും പകർപ്പ്, ഫീസടച്ച ചലാൻ രശീതി എന്നിവ സഹിതം കാലിക്കറ്റ് സർവകലാശാലാ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ ഒരു പകർപ്പ് വിദ്യാർത്ഥികൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. പ്രവേശന പരീക്ഷയുടെ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ ഇത് ആവശ്യമാണ്.

7)**അപേക്ഷിക്കുവാനുള്ള തീയതി** :

ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങുന്നത് 15-09-2018.